യു.പി

കൂട

പരീക്ഷണം



പ്രവർത്തനം 3

# അദൃശ്യ മഷി



എഴുതാൻ അദൃശ്യമായ ഒരു മഷി ഉണ്ടായാലോ? അടിപൊളിയാണല്ലേ. കൂട്ടുകാർക്ക് രഹസ്യമായി കാര്യങ്ങൾ കൈമാറാൻ എന്ത് രസം!

അടുക്കളയിലെ പല വസ്തുക്കൾ വച്ചും രഹസ്യ മഷി ഉണ്ടാക്കാം. നമുക്ക് നാരങ്ങയോ വിനാഗിരിയോ വച്ച് ഉണ്ടാക്കിയാലോ?

വേണ്ട സാധനങ്ങൾ :

- നാരങ്ങ – പകുതി അല്ലെങ്കിൽ വിനാഗിരി 5 മില്ലി
- 2 മില്ലി വെള്ളം.

ഈ പ്രവർത്തനത്തിന്റെ വിശദീകരണ വീഡിയോ കാണാം





അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം





## യു.പി

## കൂട

### പരീക്ഷണം

## പ്രവർത്തനം 3



നാരങ്ങ പിഴിഞ്ഞ് അതിൽ വെള്ളം ഒഴിച്ച് നേർപ്പിക്കുക. ഇനി ഒരു വെള്ള പേപ്പർ എടുത്ത് നിങ്ങളുടെ രഹസ്യ സന്ദേശം എഴുതി ചേർക്കൂ. പേപ്പർ നന്നായി ഉണങ്ങട്ടെ. ഇപ്പോൾ ഇത് ഒന്നും എഴുതാത്ത വെറും ഒരു കഷ്ണം പേപ്പർ.

ഇനി സന്ദേശം കൈമാറാം. കിട്ടുന്ന ആൾ ആ പേപ്പർ ബൾബിനടിയിൽ വച്ച് ചൂടാക്കി നോക്കട്ടെ. അല്ലെങ്കിൽ തേപ്പുപെട്ടി കൊണ്ട് തേച്ച് ചൂടാക്കിയാലും മതി സന്ദേശം തെളിഞ്ഞ് വരുന്നത് കാണാം . കടലാസ് കത്താതെ പതുക്കെ ചൂടാക്കണേ.





അറിയാം നിറയാം ഉയരാം

യുറീക്ക-ശാസ്ത്രകേരളം

വിജ്ഞാനോത്സവം



## യു.പി

## കൂട

### പരീക്ഷണം

## പ്രവർത്തനം 3

അടുക്കളയിൽ ഉള്ള മറ്റെന്തൊക്കെ വസ്തുക്കൾ കൊണ്ട് അദൃശ്യമഷി ഉണ്ടാക്കാൻ കഴിയും? ഒന്ന് ശ്രമിച്ച് നോക്കൂ. ചൂടാക്കാതെ മറ്റ് മാർഗങ്ങളിലും അദൃശ്യഭാഷ തെളിഞ്ഞു വരും. അതും ഒന്ന് ശ്രമിക്കാം. അതിനുശേഷം വസ്തുക്കളും എങ്ങനെ അദൃശ്യഭാഷ തെളിഞ്ഞു എന്നതുമടക്കം ചെയ്ത പ്രവർത്തനങ്ങൾ എല്ലാം അടങ്ങുന്ന ഒരു കുറിപ്പ് തയ്യാറാക്കൂ.




അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം